10089
2/5/17

**കേരള സർക്കാർ**

സംഗ്രഹം

പാർലമെന്ററി കാര്യ വകുപ്പ് - പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് - ഡയറക്ടർ ജനറലിന്റെ നിയമനം - യോഗ്യത സംബന്ധിച്ച വ്യവസ്ഥകൾ - പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

പാർലമെന്ററികാര്യ (എ) വകുപ്പ്

സ.ഉ. (എം.എസ്) നം. 5/2017/പാ.കാ.വ — തീയതി, തിരുവനന്തപുരം, 22.04.2017

================================================================

പരാമർശം:- 1 21.01.2008-ലെ സ.ഉ (സാധാ) നം. 8/08/പാ.കാ.വ

2 10.06.2011-ലെ സ.ഉ (എം.എസ്) നം. 2/11/പാ.കാ.വ

3 01.09.2012-ലെ സ.ഉ (എം.എസ്) നം. 17/12/പാ.കാ.വ

## ഉത്തരവ്

പരാമർശം ഒന്നിലെ ഉത്തരവുപ്രകാരം പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒരു പാർട്ട്-ടൈം ഡയറക്ടറുടെ തസ്തിക അനുവദിക്കുകയും കേരളത്തിലെ യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകളിലെ റീഡറിൽ കുറയാത്ത പദവിയിലുള്ള അദ്ധ്യാപകന് അഡീഷണൽ ചാർജ് നൽകാൻ തീരുമാനിക്കുകയും ചെയ്തു. പിന്നീട് ഡയറക്ടറുടെ തസ്തിക, ഡയറക്ടർ ജനറൽ എന്ന് പുനർനാമകരണം ചെയ്തു.

ഡയറക്ടർ ജനറലിന്റെ തസ്തികയ്ക്കു വേണ്ട യോഗ്യതയായി യു.ജി.സി മാനദണ്ഡപ്രകാരമുള്ള റീഡർ തസ്തികയിൽ കുറയാത്ത പദവിയിലുള്ള അദ്ധ്യാപകനായിരിക്കണമെന്ന് പരാമർശം 3 പ്രകാരം ഉത്തരവായി.

യു.ജി.സി മാനദണ്ഡമനുസരിച്ച് നിലവിൽ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും അദ്ധ്യാപക തസ്തികകളെ അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ എന്നാണ് പുനർ നാമകരണം ചെയ്തിട്ടുള്ളത്. ഈ സാഹചര്യത്തിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡയറക്ടർ ജനറലിന്റെ യോഗ്യത അസിസ്റ്റന്റ് പ്രൊഫസർ (അഞ്ചുവർഷം സർവ്വീസും, പി.എച്ച്.ഡിയും)/അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ എന്ന് പുതുക്കി നിശ്ചയിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.ഒ. സൂരജ്**

സെക്രട്ടറി

ഡയറക്ടർ ജനറൽ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

രജിസ്ട്രാർ, പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(ഓഡിറ്റ്/എ ആന്റ് ഇ), കേരള, തിരുവനന്തപുരം

വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പൊതുഭരണ (എസ്.സി) വകുപ്പ് (20.04.2017-ലെ ഇനം നം. 916 മന്ത്രിസഭായോഗ തീരുമാനപ്രകാരം)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് : പാർലമെന്ററികാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

പാർലമെന്ററികാര്യ വകുപ്പ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 20-04-2017

ഫയൽ നം.പാ.കാ.വ.-എ2/26/2017-പാ.കാ.വ.

ഇനം നം: 916

വിഷയം : പാർലമെന്ററികാര്യ വകുപ്പ് - പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, പാർലമെന്ററി കാര്യ വകുപ്പ്

H/17

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | പാ.കാ.വ-എ 2/26/2017-പാ.കാ.വ |
| 2 | വകുപ്പ് | : | പാർലമെന്ററികാര്യ വകുപ്പ് |
| 3 | വിഷയം | : | പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിനു സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി; | : | 06/04/17 |
| 5 | (I)ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | i)ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. ബി. ആർ. യമുന |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര്; | : | ശ്രീ. ടി. ഒ. സൂരജ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 10/04/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്; | : | ശ്രീമതി. നളിനി നെറ്റോ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി; | : | 10/04/17 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര്; | : | ശ്രീ. എ.കെ.ബാലൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി; | : | 10/04/17 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി; | : | 10/04/17 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി; | : | 20/04/17 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും; | : | സഉ(എം.എസ്) നം. 5/2017/പാകാവ തീയതി 22/4/2017. |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ തസ്തികയുടെ യോഗ്യത ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പിലെ വിഷയം.

2. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 21/1/2008-ലെ സ.ഉ.(സാധാ) 8/08/പി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം ഒരു പാർട്ട് ടൈം ഡയറക്ടറുടെ തസ്തിക സൃഷ്ടിച്ചിരുന്നു. 1/9/2012 ലെ സ.ഉ.(എം.എസ്) 17/12/പി.എ.ഡി നമ്പർ ഉത്തരവ് പ്രകാരം ഡയറക്ടർ ജനറലിന്റെ തസ്തിക ഫുൾ ടൈമായി ഉയർത്തുകയും ടി തസ്തികയ്ക്ക് വേണ്ട യോഗ്യതയായി UGC മാനദണ്ഡ പ്രകാരമുള്ള റീഡർ തസ്തികയിൽ കുറയാൻ പാടില്ല എന്ന് നിശ്ചയിക്കുകയും ചെയ്തിരുന്നു.

3. UGC മാനദണ്ഡമനുസരിച്ച് നിലവിൽ യൂണിവേഴ്സിറ്റികളിലെയും കോളേജുകളിലെയും അദ്ധ്യാപക തസ്തികകളെ അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ/ പ്രൊഫസർ എന്നാണ് പുനർനാമകരണം ചെയ്തിട്ടുള്ളത്. അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലാണ് ആദ്യമായി സർവ്വീസിൽ പ്രവേശിക്കുന്നത്. റീഡർ തസ്തികയിൽ തുടരുന്നവരെ അസോസിയേറ്റ് പ്രൊഫസർമാരായിട്ടാണ് പുനർനാമകരണം ചെയ്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഡയറക്ടർ ജനറലിന്റെ യോഗ്യത റീഡറിൽ നിന്നും അസിസ്റ്റന്റ് പ്രൊഫസർ/അസോസിയേറ്റ് പ്രൊഫസർ/പ്രൊഫസർ എന്നാക്കി മാറ്റാവുന്നതും അസിസ്റ്റന്റ് പ്രൊഫസർ എന്നത് ആദ്യ കേഡറായതിനാൽ ആ കേഡറിൽ കുറഞ്ഞത് അഞ്ച് വർഷം സർവ്വീസും PhD യും ഉള്ളവരായിരിക്കണം എന്ന് കൂടി നിഷ്കർഷിക്കാവുന്നതുമാണ്.

4. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

### തീരുമാനിക്കേണ്ട കാര്യം

പാർലമെന്ററി കാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ തസ്തികയുടെ യോഗ്യത റീഡറിൽ നിന്നും അസിസ്റ്റന്റ് പ്രൊഫസർ (അഞ്ച് വർഷം സർവ്വീസും PhD യും)/ അസോസിയേറ്റ് പ്രൊഫസർ / പ്രൊഫസർ എന്നാക്കി മാറ്റി നിശ്ചയിക്കാമോ?